# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം
നമ്പർ: 154

25.03.2013 -ലെ
മറുപടിക്ക്

## വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ

| ചോദ്യം | അന്തിമ മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എം. പി. വിൻസന്റ്<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| **(എ)** വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ദ്ധസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; | **(എ)** ഉണ്ട്. |
| **(ബി)** പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | **(ബി)** ഉണ്ട്. വിമുക്തഭടന്മാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുന്നതിനായി സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് കെക്സ്കോൺ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരികയാണ്. |
| **(സി)** പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നറി-യിക്കുമോ ; | **(സി)** പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.<br>I.കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയവ :-<br>1. Speciality Veteran Hospital വിമുക്തഭടന്മാർക്കായി സ്ഥാപിക്കുക.<br>2. വൺ റാങ്ക് വൺ പെൻഷൻ നടപ്പിലാക്കുക<br>3. Dual Family Pension നടപ്പിലാക്കുക. |

4. Penury Grant 1000/- രൂപയിൽ നിന്നും 3000/- രൂപയായി വർദ്ധിപ്പിക്കുക.
5. Medical facilities for non pensioners:- പെൻഷന് അർഹതയില്ലാത്ത വിമുക്ത ഭടന്മാർക്ക് വേണ്ടി.
6. Pension for Territorial Army personnel:- തുടർച്ചയായി 5 വർഷമെങ്കിലും സൈന്യസേവനം അനുഷ്ഠിച്ചവർക്ക് പെൻഷൻ ഏർപ്പെടുത്തുക.
7. CSD Canteen facilities:- വൃദ്ധരായ വിമുക്തഭടന്മാർക്കും വിധവകൾക്കും കെക്സ്കോൺ മുഖാന്തിരം നിശ്ചിത സ്ഥലങ്ങളിൽ കാന്റീൻ സാധനങ്ങൾ വാങ്ങുന്നതിനായി സൗകര്യം ഏർപ്പെടുത്തുക.

II. സംസ്ഥാന സർക്കാർ പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടവ :

1. Rehabilitation of Ex-Servicemen - വിമുക്തഭടന്മാരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ സഹായം ഉറപ്പാക്കുക.
2. Reservation of vacancies in Govt. jobs – സർക്കാർ ജോലിയിൽ സംവരണം ഉറപ്പാക്കുക.
3. Monitoring of filling up of reserved posts by PSC- പി. എസ്. സി. നിയമനങ്ങളിൽ വിമുക്തഭട സംവരണം പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുക.
4. Increase of seats in professional colleges – മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകളിൽ വിമുക്തഭടന്മാരുടെ സീറ്റുകൾ വർദ്ധിപ്പിക്കുക.

| | |
|---|---|
| | 5. Re-Organisation of KEXCON – കെക്സ്കോൺ പുനഃസംഘടിപ്പിക്കുക.<br>6. Sainik Rest House – കേരളത്തിലെ എല്ലാ ജില്ലകളിലും സൈനിക റെസ്റ്റ് ഹൗസ് തുറക്കുക.<br>7. Ex-gratia Pension – വിവിധ കാരണങ്ങളാൽ സൈന്യ സേവനത്തിൽ നിന്നും നിർദ്ദിഷ്ട കാലയളവിനു മുൻപ് പിരിഞ്ഞു വന്നവർക്ക് കുറഞ്ഞത് 3000 രൂപയെങ്കിലും പെൻഷൻ അനുവദിക്കുക. |
| **(ഡി)** പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | **(ഡി)** റിപ്പോർട്ടിലെ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഗണിക്കുന്നതിനായി ശുപാർശകൾ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ സ്വീകരിക്കേണ്ട ശുപാർശ-കളിന്മേൽ പഠനം നടത്തി സമഗ്രമായ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുവാൻ സൈനിക ക്ഷേമ ഡയറക്ടറോടും കെക്സ്കോൺ എം.ഡിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ